# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **October 2015** **No.7**

# എഡിറ്റോറിയൽ

മനുഷ്യനിർമ്മിതമായ സഭയും ദൈവനിർമ്മിതമായ സഭയും തമ്മിലുള്ള വ്യത്യാസം ആളുകൾ തിരിച്ചറിയണം. പുതിയ നിയമം വളരെ വ്യക്തമായി പഠിപ്പിക്കുന്ന വിഷയമാണ് സഭ. ആളുകൾ സഭയെ തെറ്റിദ്ധരിച്ചിരിക്കുന്നു എന്നത് പരിതാപകരമായ കാര്യമാണ്. അതുകൊണ്ട് സഭയെയും സഭയുടെ പ്രാധാന്യത്തെയും എല്ലാവരും മനസിലാക്കിയിരിക്കണം. ലോകത്തിലുള്ള ആളുകൾ എന്തു വിശ്വസിക്കുന്നു, എന്തു പഠിപ്പിക്കുന്നു എന്നതിനേക്കാൾ ദൈവം തന്റെ പുസ്തകത്തിൽ എന്തു പഠിപ്പിക്കുന്നു എന്നതാണ് നാം പരിശോധിക്കേണ്ടത്. പരമാധികാരം എന്നും ദൈവ വചനത്തിനു തന്നെയാണ്. കാരണം അത് ദൈവത്താൽ നൽകപ്പെട്ടതാണ്. ദൈവശ്വാസിയ വചനത്തെയാണ് നാം അന്തിമമായി വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും. ദൈവ വചനത്തിൽ നിയമവും വാഗ്ദാനങ്ങളും അടങ്ങിയിരിക്കുന്നു. ആ വാഗ്ദാനങ്ങളിൽ നമുക്ക് വിശ്വാസം ഉണ്ടെങ്കിൽ അതിനായി എന്തു ചെയ്യണമെന്ന് ദൈവം പറഞ്ഞിരിക്കുന്നുവോ നാം അത് ചെയ്യും. അതായത് ദൈവ നിയമങ്ങളിലെ നിബന്ധനകൾ നാം പാലിക്കും എന്നർത്ഥം.

പുതിയ നിയമ പരിജ്ഞാനം അഥവാ ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ മാത്രമെ നമുക്ക് യഥാർത്ഥ കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. ഒരു മനുഷ്യനും പൂർണ്ണമായി ഒരു തെറ്റും കൂടാതെ ജീവിക്കുവാൻ സാധ്യമല്ല. അതിൽനിന്നു വ്യത്യസ്തമായി ദൈവമുൻപാകെ എങ്ങനെ നീതിയുള്ളവരായി തീരാമെന്ന് യേശു ലോകത്തിന് കാണിച്ചു തന്നിരിക്കുന്നു. അവനെ മാത്രമാണ് നാം മാതൃകക്കായി നോക്കേണ്ടത്.

മനുഷ്യരെല്ലാം പാപികളാണ്. കൂടാതെ യേശുവിന്റെ കൽപനകളും വാഗ്ദാനങ്ങളും വിശ്വസിക്കുവാൻ അടയാളങ്ങളാലും അത്ഭുതങ്ങളാലും അപ്പൊസ്തലന്മാരാൽ അവ ഉറപ്പിച്ചിരിക്കുന്നു. യേശുക്രിസ്തു എന്ന അടിസ്ഥാനത്തിന്മേലാണ് കർത്താവ് തന്റെ സഭ സ്ഥാപിച്ചിരിക്കുന്നത്. അത് മറ്റൊരു ശക്തിക്കും തോൽപിക്കുവാൻ സാധ്യമല്ല. അത് എന്നേക്കും ഉള്ളതാണ്. വിലയേറിയതും പാപരഹിതവുമായ രക്തം കൊടുത്തു സമ്പാദിച്ച ഏക സഭയാണ് ദൈവത്താൽ സ്ഥാപിതമായിരിക്കുന്നത്. ആ സഭയിലാണ് അവൻ വാഴുന്നത്. അതിനു പകരമായി മറ്റൊന്നില്ല. അതിന്റെ അടയാളങ്ങളെല്ലാം പുതിയ നിയമത്തിൽ പ്രത്യേകിച്ച് പ്രവൃത്തികളുടെ പുസ്തകം വായിച്ചാൽ കാണാം.

കർത്താവിന്റെ സഭയെ ദൈവരാജ്യം എന്നും അറിയപ്പെടുന്നു. ആ രാജ്യമാകുന്ന സഭയിൽ പ്രവേശിക്കുവാൻ വെള്ളത്താലും ആത്മാവിനാലും ജനിക്കണം എന്നു കർത്താവ് കൽപിച്ചിരിക്കുന്നു. അതിനു പകരം ആളുകൾ ശിശു സ്നാനം നൽകി ശിശുക്കളായിരിക്കുമ്പോൾ തന്നെ ക്രിസ്ത്യാനികളാക്കുവാൻ ശ്രമിക്കുന്നു. അത് ക്രിസ്തു ആവശ്യപ്പെടാത്ത കാര്യമാണ്. ശിശുക്കളെപ്പോലെയുള്ളവരുടേതാണ് ദൈവരാജ്യം എന്നു കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു. ശിശുക്കൾക്ക് അവർ വിചാരിക്കുന്നതുപോലെ പാപം ഇല്ല എന്നു ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. വിശ്വാസത്തിനായാലും, ആരാധനക്കായാലും, വ്യക്തികളുടെ പരിശീലനത്തിനായാലും സഭാജീവിതത്തിനായാലും നാം വചനത്തെയാണ് സ്വീകരിക്കേണ്ടത്. വചനത്തിൽ പറയാത്തതും മനുഷ്യർ പഠിപ്പിക്കുന്നതുമായ കാര്യങ്ങൾ ചെയ്ത് അവ ദൈവം അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നത് ബുദ്ധിശൂന്യതയാണ്.

ഇന്ന് ലോകത്തിൽ നിരവധി മനുഷ്യനിർമ്മിതമായ നാമധേയ വിഭാഗങ്ങൾ കാണുന്നു. അവർ മനുഷ്യരുടെ ഉപദേശങ്ങൾ പഠിപ്പിക്കുന്നതിനാൽ അവരുടെ ആരാധന വ്യർത്ഥമാണെന്നാണ് ലോകത്തെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിവുള്ള കർത്താവ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ കർത്താവ് സ്ഥാപിച്ചതായ പുതിയ നിയമ സഭയിലാണോ? അല്ലെങ്കിൽ ഇന്നു തന്നെ തിരുവെഴുത്തിൻപ്രകാരം സ്നാനം ഏറ്റ് കർത്താവിന്റെ ഏക സഭയിലാകുക. ആത്മാവിനെ നഷ്ടപ്പെടുത്താതിരിക്കുക. ക്രിസ്തു മടങ്ങി വരുന്നത് എപ്പോഴാണ് എന്നറിയാത്തതുകൊണ്ട് ഇപ്പോൾ തന്നെ അവന്റെ കൽപനകൾ അനുസരിച്ച് നിത്യജീവൻ പ്രാപിക്കുക.

✶

# ബൈബിളിലെ സഭ

## *J.C.* ചോട്ട്

ഇന്ന് മതപരമായ ലോകം അവഗണിച്ചിരിക്കുകയോ അല്ലെങ്കിൽ അറിയാതിരിക്കുകയോ ചെയ്യുന്ന ഒന്നാണ് ബൈബിളിലെ സഭ. മനുഷ്യനിർമ്മിതമായ സഭകളിൽനിന്നു വ്യത്യസ്തമാണ് തിരുവെഴുത്തിലെ സഭ. അപ്പൊസ്തല പ്രവൃത്തികളിൽ രണ്ടാം അദ്ധ്യായത്തിലാണ് നാം ബൈബിളിലെ സഭയുടെ സ്ഥാപനത്തെ കാണുന്നത്. ദൈവം മുൻനിശ്ചയിച്ച പ്രകാരമായിരുന്നു അത് ആരംഭിച്ചത്. അത് ഉടലെടുത്തത് രണ്ടാമത് ഒരു ചിന്തയാലോ യാദൃശ്ചികമായോ ആയിരുന്നില്ല. പഴയ നിയമകാലത്ത് പ്രവചനത്തിൽ കൂടെ ദൈവം മനുഷ്യരോട് അരുളിച്ചെയ്തതിന്റെ ഫലമായി സ്ഥാപിച്ചതാണ്. യേശുവിനെ ഈ ലോകത്തിലേക്ക് അയക്കുന്നതിന് മുൻപ് തന്നെ അവൻ മുഖാന്തരം ദൈവരാജ്യം അഥവാ ക്രിസ്തുവിന്റെ രാജ്യം എന്നേക്കും നിലനിൽക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിരുന്നു എന്നതാണ് അതിന്റെ പ്രത്യേകത.

യേശു വാഗ്ദാനം ചെയ്തതനുസരിച്ച് അപ്പൊസ്തലന്മാർ യെരുശലേമിൽ കാത്തിരിക്കുകയും പരിശുദ്ധാത്മാവ് അവരുടെ മേൽ ശക്തിയോടുകൂടെ വരികയും ചെയ്തു. യോവേൽ പ്രവാചകൻ പ്രവചിച്ച ദൈവത്തിന്റെ അരുളപ്പാട് അന്നു നിവർത്തിയായതായി അപ്പൊസ്തലനായ പത്രൊസ് വെളിപ്പെടുത്തി. പല ഭാഷകൾ സംസാരിച്ചിരുന്ന യെഹൂദന്മാർക്കെല്ലാവർക്കും അന്നത്തെ പ്രസംഗം അവരവരുടെ ഭാഷകളിൽ മനസിലാകുകയും അന്ന് മൂവായിരത്തോളം പേർ വചനം കേട്ട് വിശ്വസിച്ച് സ്നാനം ഏൽക്കുകയും അവരോട് ചേരുകയും ചെയ്തു. പിന്നീട് അതേ സുവിശേഷം യെഹൂദ്യാ, ശമര്യാ തുടങ്ങി ലോകത്തിന്റെ അറ്റത്തോളവും വ്യാപിച്ചത് യേശു ശിഷ്യന്മാരോട് കൽപിച്ചതനുസരിച്ചായിരുന്നു (പ്രവൃത്തികൾ 1:8; മത്തായി 28:19, 20; മർക്കൊസ് 16:16; കൊലൊസ്യർ 1:23).

സഭ അപ്പൊസ്തലന്മാരുടെ കാലയളവിൽ ആരംഭിച്ച് വേഗത്തിൽ വ്യാപിച്ചു. ശൗൽ പരിവർത്തനം ചെയ്ത ശേഷം അവൻ മൂന്നു സുവിശേഷ യാത്ര നടത്തുകയും സുവിശേഷം യെഹൂദന്മാർക്ക് മാത്രമല്ല ജാതികൾക്കും ഉള്ളതാണെന്ന് തെളിയിക്കുകയും ചെയ്തു.

തൽഫലമായി പരിവർത്തനം ചെയ്യപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചു. അങ്ങനെ യൂറോപ്പിലും ആസ്യയിലും കർത്താവിന്റെ സഭയുടെ ഇടവകകൾ ആരംഭിച്ചു. ഉപദ്രവങ്ങളുടെ മദ്ധ്യത്തിൽ അത് അത്ര എളുപ്പമായിരുന്നില്ല. ആദ്യം സഭ ഉപദ്രവിക്കപ്പെട്ടതു യെരുശലേമിലായിരുന്നു. അതിന്റെ ഫലമായി ശിഷ്യന്മാർ അവിടവിടെയായി ചിതറി ഓടി പോയി. അവർ എവിടെയെല്ലാം പോയോ അവിടെയെല്ലാം അവർ വചനം സംസാരിച്ചുകൊണ്ടേയിരുന്നു (പ്രവൃത്തികൾ 8:1–4). കാലം കുറെ കടന്നു പോയപ്പോൾ തങ്ങളുടെ പ്രശ്നങ്ങൾക്ക് ക്രിസ്ത്യാനികളാണ് കാരണക്കാർ എന്ന് റോമാക്കാർ പറഞ്ഞ് ക്രിസ്ത്യാനികളെ പിടിച്ച് റോമിലും റോമാ സാമ്രാജ്യങ്ങളിലും ശിക്ഷിക്കുവാൻ തുടങ്ങി.

ആയിരക്കണക്കിന് നിരപരാധികളായ ക്രിസ്ത്യാനികൾ തങ്ങളുടെ കർത്താവിനായി ജീവൻ വെടിഞ്ഞു. ഈ ഉപദ്രവങ്ങൾ ഉണ്ടായിട്ടും സഭ വളരുകയും വ്യാപിക്കുകയും ചെയ്തു. അത് സഭയിൽ നടന്ന കാര്യങ്ങളാണ്. എന്നാൽ ഭാവിയിൽ പലരും വിശ്വാസത്തിൽനിന്നു വീണുപോകുവാൻ സാധ്യതയുള്ള കാര്യം അപ്പൊസ്തലനായ പൗലൊസ് മുന്നറിയിച്ചിരുന്നു. പല കാരണങ്ങൾ നിമിത്തമാണ് അങ്ങനെ സംഭവിക്കുന്നത്. അംഗങ്ങളിൽ ചിലർ ദുരുപദേശങ്ങളുടെ വലയിൽ പെട്ട് തോറ്റുപോയി. സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളുന്നതിനു പകരം അവർ ഭോഷ്ക്കു വിശ്വസിക്കുവാൻ ദൈവം അവരിലേക്ക് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുമെന്ന് മുന്നറിയിച്ചിരുന്നു. വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്ന് എഴുന്നേൽക്കും എന്നു പൗലൊസ് വെളിപ്പെടുത്തിയിരുന്നു (പ്രവൃത്തികൾ 20:30). ദൈവത്തിന്റെ മുന്നറിയിപ്പ് ആളുകൾ നിരസിക്കയും തങ്ങൾക്ക് ബോധിച്ചത് വിശ്വസിച്ച് അനുസരിക്കുവാൻ തയ്യാറായത് തികച്ചും ഖേദകരമത്രെ.

അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത്, "സഹോദരന്മാരേ ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നത് വ്യർത്ഥമായിട്ടില്ല എന്ന് നിങ്ങൾ തന്നേ അറിയുന്നുവല്ലോ. നിങ്ങൾ അറിയുംപോലെ ഞങ്ങൾ ഫിലിപ്പിയയിൽ വെച്ച് കഷ്ടവും അപമാനവും അനുഭവിച്ചിട്ടും വലിയ പോരാട്ടത്തോടെ ദൈവത്തിന്റെ സുവിശേഷം നിങ്ങളോട് പ്രസംഗിപ്പാൻ ഞങ്ങളുടെ ദൈവത്തിൽ ധൈര്യപ്പെട്ടിരുന്നു. ഞങ്ങളുടെ പ്രബോധനം അബദ്ധ

ത്തിൽനിന്നോ അശുദ്ധിയിൽനിന്നോ വ്യാജത്തോടെയോ വന്നതല്ല. ഞങ്ങളെ സുവിശേഷം ഭരമേൽപിക്കേണ്ടതിന്നു ഞങ്ങൾ ദൈവത്തിന്നു കൊള്ളാകുന്നവരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല, ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രെ പ്രസാദിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത്. നിങ്ങൾ അറിയും പോലെ ഞങ്ങൾ ഒരിക്കലും മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല; ദൈവം സാക്ഷി. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥക്ക് ഘനത്തോടെ ഇരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോട്, നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല. ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ട്, നിങ്ങൾക്ക് ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്ക് പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വെച്ചു തരുവാൻ ഒരുക്കമായിരുന്നു. സഹോദരന്മാരേ, ഞങ്ങളുടെ അദ്ധ്വാനവും പ്രയാസവും നിങ്ങൾ ഓർക്കുന്നുവല്ലൊ. നിങ്ങളിൽ ആർക്കും ഭാരമായി തീരരുത് എന്നു വെച്ച് രാവും പകലും വേല ചെയ്തുകൊണ്ട് നിങ്ങളോട് ദൈവത്തിന്റെ സുവിശേഷം അറിയിച്ചു" (2 തെസ്സലൊനിക്യർ 2:1-10).

എഫെസൊസിലെ സഭയുടെ മൂപ്പന്മാരെ വിളിച്ച് വരുത്തി പൗലൊസ് അവരോട് പറഞ്ഞു, "നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ; ഞാൻ മൂന്നുസംവൽസരം ഇടവിടാതെ കണ്ണുനീർ വാർത്തുകൊണ്ട് ഓരോരുത്തന്നു ബുദ്ധി പറഞ്ഞു തന്നത് ഓർത്തുകൊൾവിൻ (പ്രവൃത്തികൾ 20:28-31). പൗലൊസ് മുന്നറിയിച്ചതുപോലെ സഭയിലുള്ളവരിൽനിന്നു തന്നെയാണ് അന്യഥാ ഉപദേശിക്കുന്നവർ വന്നത്. ഈ കാലത്തും അങ്ങനെ സംഭവിക്കും.

ഒന്നുകിൽ ഭരണകൂടത്തിനെതിരായ ആക്രമണത്താലോ അല്ലെ

ങ്കിൽ സഭയുടെ സംഘടിപ്പിക്കൽ മൂലമോ വിശ്വാസ ത്യാഗം സംഭ വിച്ചതായി ലൗകിക ചരിത്രം വ്യക്തമാക്കുന്നു. ഓരോ പ്രാദേശിക ഇടവകയും തങ്ങളുടേതായ മൂപ്പന്മാരുടേയും ശുശ്രൂഷകന്മാരുടേയും സേവനത്താൽ സ്വതന്ത്രമായി സ്വയം പര്യാപ്തമാകുക എന്നതാണ് ദൈവത്തിന്റെ പദ്ധതി. കാലം കടന്നുപോയപ്പോൾ അതിൽനിന്നു വ്യത്യസ്തമായി കഴിവുള്ള ഒരു അദ്ധ്യക്ഷനാൽ അനേകം ഇടവക കൾ നടത്തപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങി. മറ്റുള്ള അദ്ധ്യക്ഷന്മാരെല്ലാം ആ ഒരു ബിഷപ്പിന്റെ കീഴിൽ പ്രവർത്തിക്കണ മെന്നായി. ആ മാറ്റം പെട്ടെന്നുണ്ടായതല്ല. ഏകദേശം എ.ഡി. 606 ലാണ് ഇത്തരം ഒരു ഭരണസംവിധാനം രൂപപ്പെട്ടത്. വീണുപോയ സഭയുടെ തലക്ക് അങ്ങനെ സാർവ്വലൗകികമായി പോപ് എന്ന സ്ഥാനപ്പേരും നൽകി. കർത്താവിന്റെ വചനത്തോട് വിശ്വസ്തത പുലർത്തിയ കുറെ പേർ അങ്ങനെ തന്നെ തുടർന്നു. അവർ ന്യൂന പക്ഷമായി കാണപ്പെട്ടാലും, കർത്താവ് രൂപകൽപന ചെയ്തു സ്ഥാപിച്ച അവന്റെ സഭ എന്നേക്കും നിലനിൽക്കുക തന്നെ ചെയ്യും.

മതപരമായ ലോകത്തെ സംബന്ധിച്ച് കത്തോലിക്കാ സഭ കൂടു തൽ വ്യാപകമായി അറിയപ്പെടുന്നു. ഏതാനും നൂറ്റാണ്ടുകൾ മതത്തെ അവരുടെ നിയന്ത്രണത്തിലാക്കിയതിനാൽ അതിനെ ഇരുണ്ടയുഗം എന്നു വിളിച്ചിരുന്നു. കാരണം അവർ അൽമായർക്ക് ബൈബിൾ വായിക്കുവാൻ പോലും സ്വാതന്ത്ര്യം നൽകിയിരുന്നില്ല. അതിന് അവർ പറഞ്ഞ കാരണം പുരോഹിതന്മാർക്ക് മാത്രമെ അത് വായിച്ചു മനസിലാക്കുവാനുള്ള യോഗ്യതയുള്ളു എന്നാണ്. അങ്ങനെ പുരോ ഹിതന്മാർ പറയുന്നത് സാധാരണ ജനങ്ങൾക്ക് വേദവാക്യമായിരു ന്നു. പുരോഹിതന്മാരോട് ചോദ്യം ചോദിക്കുന്നതുപോലും നിഷി ദ്ധമായിരുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മതപരമായി ആളു കൾ എന്തു വിശ്വസിക്കണമെന്നും എന്തു ചെയ്യണമെന്നും പുരോ ഹിതന്മാരാണ് പറയേണ്ടത് എന്നു വന്നു. ശിശുക്കളെയും മുതിർന്ന വരേയും തളിച്ച് സ്നാനം കൊടുക്കുന്നതിന്റേയും ഉപകരണങ്ങൾ ഉപയോഗിച്ച് ആരാധനയിൽ സംഗീതം ആലപിക്കുന്നതിന്റേയും പേരിൽ ആ കാലത്ത് കത്തോലിക്കാ സഭ, റോമൻ കത്തോലിക്ക രെന്നും ഗ്രീക്ക് ഓർത്തഡോക്സ് എന്നും രണ്ടായി വിഭജിച്ചു.

കുറെ കാലം കഴിഞ്ഞപ്പോൾ കത്തോലിക്കാ സഭ സുന്നഹദോ സുകൾ കൂടി ബൈബിൾ മാത്രം പോരാ എന്നു പറഞ്ഞു പലതും

കൂട്ടി ചേർക്കുവാൻ തുടങ്ങി. ആയിരത്തഞ്ഞൂറ് വർഷങ്ങൾ കഴിഞ്ഞപ്പോൾ, ഒരു കത്തോലിക്കാ പുരോഹിതനായിരുന്ന മാർട്ടിൻ ലൂദർ സഭയെ പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. സഭ പുതിയനിയമം പറയുന്നതനുസരിച്ച് ആരാധിക്കയും പരിശീലിക്കയും വേണമെന്നു പറഞ്ഞപ്പോൾ അയാളെ മതഭ്രഷ്ടനാക്കി. അതിനെ തുടർന്നാണ് നവോത്ഥാന പ്രസ്ഥാനം ഉടലെടുത്തത്. അതിൽ നിന്നാണ് ഇന്ന് കാണപ്പെടുന്ന പ്രൊട്ടസ്റ്റന്റ്, നാമധേയ വിഭാഗങ്ങളെല്ലാം ആവിർഭവിച്ചത്. മനുഷ്യരുടെ അജ്ഞതയും സ്വാർത്ഥതയും ഒത്തു ചേർന്നപ്പോൾ അതിൽനിന്ന് അനേകം വിഭാഗങ്ങൾ രൂപപ്പെട്ടു. ആളുകൾ ബൈബിളിലേക്ക് തിരിച്ചു വരുവാനായിരുന്നു ലൂദർ ശ്രമിച്ചത്. ഇതിനിടക്ക് ബൈബിൾ സാധാരണ ആളുകളിലേക്ക് തർജിമ ചെയ്ത് വിതരണം ചെയ്യപ്പെട്ടു തുടങ്ങി. വിദ്യാഭ്യാസം ഉള്ള ആളുകൾ അത് വായിക്കുവാൻ തുടങ്ങുകയും ചെയ്തു.

ഏകദേശം ആയിരത്തി എഴുന്നൂറ് എണ്ണൂറ് വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും യൂറോപ്പിലേയും അമേരിക്കയിലേയും നാമധേയ വിഭാഗത്തിലുള്ള ചിലർ ഇത്തരം ഭിന്നതയും കലക്കവും വെറുത്തു തുടങ്ങി. ക്രമേണ അവർ ചെയ്ത തെറ്റുകളെല്ലാം ബൈബിൾ പരിശോധിച്ചു തിരുത്തുവാൻ ആരംഭിച്ചു. അവർ പുതിയ സഭ ആരംഭിക്കുവാനായിരുന്നില്ല ശ്രമിച്ചത്, മറിച്ച് ബൈബിളിൽ വായിക്കുന്ന ഏക സഭയിലേക്ക് തിരിച്ച് പോകുവാനായിരുന്നു. അത്തരം പ്രവൃത്തികൾ ലോകത്തിലെ നാനാഭാഗത്തും വ്യാപിക്കുകയും ആളുകൾ നാമധേയ വിഭാഗങ്ങൾ ദൈവഹിതത്തിനു വിപരീതമാണെന്നു മനസിലാക്കി അവ ത്യജിച്ച് പുതിയ നിയമ സഭയിലേക്ക് മാറി. അവർ പിന്നീട് കർത്താവിന്റെ സഭയിലെ അംഗങ്ങളായും ക്രിസ്ത്യാനികൾ മാത്രമായും അറിയപ്പെട്ടു തുടങ്ങി. ദൈവമക്കൾ സ്വീകരിക്കേണ്ട ഏക മാർഗരേഖ ഇന്നു ബൈബിൾ ആണ്. കാരണം അത് ദൈവശ്വാസിയമായ ഗ്രന്ഥമാണ്. ദൈവം മനുഷ്യരോട് സംസാരിക്കുന്നത് തിരുവെഴുത്തുകളിൽ കൂടെയാണ്.

ക്രിസ്ത്യാനികൾ ലോകത്തിന്റെ ഏത് കോണിൽ പോയാലും അവർ പുതിയ നിയമത്തിന്റെ നിർമ്മലതയും വിശുദ്ധിയും കാത്തുസൂക്ഷിക്കും. സത്യവിരുദ്ധമായ ഉപദേശവും ജീവിതവും കാണുമ്പോൾ അത് സ്വീകരിക്കാതിരിക്കുന്നതോടുകൂടെ അങ്ങനെ ജീവിക്കുന്നത് ദൈവകോപത്തിനിടയാക്കും എന്ന സത്യം അവർ അജ്ഞ

തയിൽ കഴിയുന്നവരോട് അറിയിക്കുകയും ചെയ്യുന്നു. ഇപ്പോൾ പുതിയനിയമ സഭ ലോകത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്നു എന്നത് സന്തോഷകരമാണ്. സഭ എല്ലായ്പോഴും നിലനിന്നതുപോലെ ഇപ്പോഴും നിലനിൽക്കുന്നു എന്നത് പരമാർത്ഥമാണ്. മനുഷ്യ നിർമ്മിതമായ സഭയെയും ആചാരങ്ങളെയും ദൈവം സ്വീകരിക്കുകയില്ല. സഭയുടെ മാതൃക നമുക്ക് പുതിയനിയമത്തിൽ വായിക്കുവാൻ കഴിയും. കർത്താവിന്റെ സഭയുടെ ഉപദേശം ക്രിസ്തുവിന്റെ ഉപദേശമാണ്. സഭയ്ക്ക് നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അവകാശം ഇല്ല. നിയമദാതാവ് അതിനു ആവശ്യമായ നിയമങ്ങൾ നൽകിയിട്ടാണ് പോയിരിക്കുന്നത്. നാം അത് അങ്ങനെ തന്നെ സ്വീകരിക്കണം. വചനത്തോട് കൂട്ടുവാനോ കുറക്കുവാനോ നമുക്ക് അധികാരമില്ല (വെളിപ്പാട് 22:18, 19).

കർത്താവിന്റെ ശരീരമാണ് സഭ. സഭയുടെ ഏക തല ക്രിസ്തുവാണ്. സഭ എപ്രകാരം ആയിരിക്കണം എന്നു നിശ്ചയിക്കുവാനുള്ള അധികാരം ക്രിസതുവിനാണ്. കാരണം അവനാണ് സഭയെ തന്റെ സ്വന്തരക്തം കൊടുത്ത് സമ്പാദിച്ചത്. ക്രിസ്തുവിന്റേയും ദൈവത്തിന്റേയും സർവ്വസമ്പൂർണ്ണതയും നിലനിൽക്കുന്നത് അവന്റെ സഭയിലാണ്. ആത്മരക്ഷയും നിത്യജീവനും അവന്റെ സഭയിലുള്ളവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. വചനം ആകുന്ന വിത്ത് വിതച്ചാൽ മുളച്ചു വളരുന്നത് ക്രിസ്തുവിന്റെ സഭയായിരിക്കും. അപ്പൊസ്തലന്മാരുടെ കാലത്ത് വചനം പ്രസംഗിച്ചതിന്റെ ഫലമായി രൂപപ്പെട്ടത് ക്രിസ്ത്യാനികൾ അഥവാ കർത്താവിന്റെ സഭയായിരുന്നു. അതേ വചനം ഇന്നും നാം അറിയിച്ചാൽ അത് കേട്ട്, വിശ്വസിച്ച് അനുസരിച്ച് കഴിഞ്ഞാൽ അങ്ങനെ തന്നെ അറിയപ്പെടും. മനുഷ്യർക്കോ പിശാചിന്നോ കർത്താവിന്റെ സഭയെ തോൽപ്പിക്കുവാൻ സാധ്യമല്ല (മത്തായി 16:19). ക്രിസ്തു എന്ന ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ അത് പണിതിരിക്കയാൽ എന്നുമെന്നും നിലനിൽക്കും. കർത്താവ് മടങ്ങി വരുമ്പോൾ അവൻ തന്റെ സഭയെ പിതാവായ ദൈവത്തിന് ഏൽപിച്ചു കൊടുക്കും. മാനുഷിക സഭകളെല്ലാം ത്യജിക്കപ്പെടും. നിങ്ങൾ ഇന്നു തന്നെ രക്ഷിക്കപ്പെട്ട് കർത്താവിന്റെ സഭയിലാകുക. സഭക്ക് പ്രാധാന്യമില്ല എന്നു പറയുന്നവരെ വിശ്വസിക്കരുത്.

✶

# അത് വാസ്തവത്തിൽ കാര്യമുള്ള താണോ?

## ബിൽ വാട്കിൻസ്

ക്ഷമാ യാചനയോടുകൂടെ ഞാൻ ഈ ലേഖനം ആരംഭിക്കട്ടെ. ഞാൻ ഇതിൽ കൈകാര്യം ചെയ്യുന്നത് അടിസ്ഥാനപരമായ കാര്യങ്ങളാണ്. അതിനല്ല ക്ഷമ ചോദിക്കുന്നത്. മറിച്ച് ആവർത്തിച്ച് ആവർത്തിച്ചു പറയുന്നതിനാണ്. ചിലർക്ക് ഈ കാര്യങ്ങൾ മുഷിപ്പ് ഉളവാക്കുന്നതായിരിക്കാം, എന്നാൽ മറ്റുചിലർക്ക് അവ വിശ്വസിക്കുന്നതിന് ആവശ്യമാണ് എന്നു തോന്നിയേക്കാം. പക്ഷെ ഈ കാര്യങ്ങളില്ലെങ്കിൽ നാം നഷ്ടപ്പെടും കാരണം വഴിയില്ലാത്തവരാകും. ശരിയായ വഴി ഏതൊരാൾക്കും സഞ്ചരിക്കുവാൻ കൂടിയേ തീരു എന്നത് യാഥാർത്ഥ്യമാണ്.

നാം എന്ത് ഉപദേശിക്കുന്നു, എന്തു വിശ്വസിക്കുന്നു, എങ്ങനെ ആരാധിക്കുന്നു, എങ്ങനെ രക്ഷിക്കപ്പെടുന്നു, സഭയെ എങ്ങനെ നാം നിർവ്വചിക്കുന്നു എന്നതെല്ലാം പ്രസക്തമായ കാര്യങ്ങളാണോ? വ്യത്യസ്തമായി വിശ്വസിക്കയും പല വിഭാഗങ്ങളായി വിഘടിച്ചു നിൽക്കുകയും വിവിധമായി ഉപദേശിക്കുകയും ചെയ്യുമ്പോൾ അവരെല്ലാം അവകാശപ്പെടുന്നത് ദൈവത്തിൽ വിശ്വസിക്കുന്നു എന്നല്ലേ? ഇതുപോലെ നിരവധി ചോദ്യങ്ങൾ നമുക്ക് ചോദിക്കുവാനായി കഴിയും. ഈ ലേഖനം വായിക്കുന്നവർ ഉചിതമായി ചിന്തിച്ച് തീരുമാനം എടുക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു.

നാം വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും വാസ്തവത്തിൽ ഗൗരവമുള്ളവയാണ്! കാരണം അവ നമ്മുടേയും മറ്റു പലരുടേയും ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാം വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും വെറുതെ ആയി പോകരുത്. "തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നുകളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അത് മനുഷ്യരുടെ സമ്പ്രദായത്തിന്ന് ഒത്തവണ്ണം ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്ന് ഒത്തവണ്ണം ഉള്ളതല്ല" (കൊലൊസ്യർ 2:8). ജീവിതത്തിന്റെ മൂല്യങ്ങളിൽനിന്നു നമ്മെ തിരിച്ചുവിടുന്നവയാണ് ചില സമ്പ്രദായങ്ങളും തത്വങ്ങളും. ലോകത്തിൽനിന്നാണ് അവ നമുക്ക് ലഭിച്ചിരിക്കുന്നത്. അവ നമ്മുടെ ആത്മാക്കൾക്ക് പ്രയോജനം ചെയ്യുന്നില്ല. ക്രിസ്തുവിന് ഒത്തവണ്ണം അഥവാ ക്രിസ്തുവിന്റെ ഉപദേശപ്രകാരമുള്ള കാര്യങ്ങളാണ് നമുക്ക് ഗുണം ചെയ്യുന്നത്. ക്രിസ്തുവിന്റെ വചനം ജീവനും ആത്മാവുമാണ്. അവന്റെ ഉപദേശങ്ങളും വഴിയും നമ്മെ നിത്യമായ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നവയാണ്.

നാം നടക്കേണ്ട വഴിയും ലക്ഷ്യസ്ഥാനവും ഇവിടെ വെച്ചു തന്നെ ഉറപ്പാക്കണം. നാം എല്ലാവരും ഒരേ സ്ഥാനത്ത് തന്നെ എത്തിച്ചേരും എന്നു നിങ്ങൾ വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടോ? പല വഴികളിൽ കൂടെ സഞ്ചരിക്കുന്നവർ എങ്ങനെ ഒരേ സ്ഥാനത്ത് എത്തും? യേശു ലോകരക്ഷിതാവായിട്ടാണ് ഭൂമിയിൽ ആദ്യം വന്നത്. അവന്റെ വഴിയും ഉപദേശവും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? യേശു പറഞ്ഞു, "ഇടുക്ക് വാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്. അത് കണ്ടെത്തുന്നവർ ചുരുക്കം അത്രെ" (മത്തായി 7:13, 14). ജീവങ്കലേക്കു പോകുന്ന വഴിയും നാശത്തിലേക്കു പോകുന്ന വഴിയും ഒന്നു തന്നെയാണോ? ഒരിക്കലും അല്ല എന്നു തിരുവെഴുത്ത് വ്യക്തമായി പഠിപ്പിക്കുന്നു. എല്ലാ മനുഷ്യരും ഒരു സ്ഥാനത്ത് എത്തിച്ചേരും എന്നു ബൈബിൾ പറയുന്നു. അത് ന്യായവിസ്താരത്തിനായിട്ടാണ്. അതിനു മാറ്റം ഉണ്ടായിരിക്കുകയില്ല (റോമർ 14:10).

സ്വർഗത്തിലേക്ക് പോകുവാൻ പല വഴികളുണ്ടെന്ന് ആളുകൾ വിശ്വസിക്കുന്നത് പ്രസക്തമാണോ അല്ലെങ്കിൽ അത് കാര്യമായി എടുക്കണോ? മതത്തിനു പുറമെ ഏതെങ്കിലും കാര്യത്തിൽ നാം ആ തത്വം സ്വീകരിക്കുമോ? സുവിശേഷം അനുസരിക്കുവാൻ വാസ്തവത്തിൽ പല വഴികളുണ്ടോ? അനുവദനീയമായ രീതിയിൽ അനുസരിച്ചാൽ മാത്രമെ അതിന്റെ ഫലം നമുക്ക് ലഭിക്കുകയുള്ളു. സ്വർഗത്തിലേക്ക് പോകുവാനുള്ള ഏക മാർഗ രേഖയാണ് ബൈബിൾ. ആധികാരികമായതും വിശ്വസനീയമായതുമായ ഏക മാർഗത്തെ തെറ്റിദ്ധരിപ്പിച്ച് മറ്റു വഴികളും അവിടെ എത്തുമെന്ന് ആളുകൾ പഠിപ്പിക്കുന്നത് മറ്റു താൽപര്യങ്ങൾ നിമിത്തം ആകാം. നാം ഒരിക്കലും അതിൽ വഞ്ചിതരാകരുത്. മനുഷ്യർ കണ്ടെത്തിയ വഴികൾ ധാരാളം ഉണ്ടായിരിക്കും. പക്ഷെ സത്യ വഴി ഒന്നു മാത്രമാണ്. അത് ദൈവം യേശുക്രിസ്തു മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നതാണ് (2 പത്രൊസ്. 2:1, 2). "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്ക് ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസിന് വിശ്രമം ലഭിക്കും. അവരോ ഞങ്ങൾ അതിൽ നടക്കയില്ല എന്നു പറഞ്ഞു" (യിരെമ്യാവ് 6:16).

ഇന്ന് ലോകത്തിൽ ധാരാളം സഭകൾ ഉണ്ട്. ചിലർ അവയിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കും. സഭകളെല്ലാം ഒന്ന് മറ്റൊന്നുപോലെയാണോ? അല്ല. എങ്കിലും ആളുകൾ തങ്ങൾക്ക് ബോധിച്ചതുപോലെ ഏതെങ്കിലും ഒരു നാമധേയ വിഭാഗത്തെ തിരഞ്ഞെടുക്കും. അതിനു

ദൈവം നമ്മെ അനുവദിക്കുന്നുണ്ടോ എന്നു അവർ ചിന്തിക്കുന്നില്ല. ക്രിസ്തുവിന്റെ സഭയെ നമുക്ക് മറ്റൊന്നുമായി തുലനം ചെയ്യുവാൻ സാധ്യമല്ല. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്നു യേശു പഠിപ്പിക്കുന്നത് പഠിപ്പിക്കാത്ത സഭ തിരഞ്ഞെടുക്കുന്നവർ രക്ഷിക്കപ്പെടുകയില്ല. കാരണം രക്ഷിക്കുന്നത് ക്രിസ്തുവാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഉപദേശത്തെ തള്ളി കളഞ്ഞ സഭയെ സ്വീകരിച്ചാൽ, അങ്ങനെയുള്ളവർ പിതാവിനേയും പുത്രനെയും പരിശുദ്ധാത്മാവിനെയും തള്ളിക്കളയുകയാണ് ചെയ്യുന്നത്. പാരമ്പര്യമനുസരിച്ച് മാനുഷ സമ്പ്രദായപ്രകാരം വേണം ദൈവത്തെ ആരാധിക്കുവാൻ എന്നു പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന സഭ മതി എന്ന് ആരെങ്കിലും പറഞ്ഞാൽ, ചോദിക്കേണ്ട ചോദ്യം ദൈവം അതിൽ പ്രസാദിക്കുമോ എന്നതാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും അങ്ങനെയുള്ള ആരാധനയും വഴിപാടും ദൈവം തള്ളിക്കളഞ്ഞ ഉദാഹരണങ്ങൾ നിരവധിയാണ്.

എന്തു വിശ്വസിച്ചാലും, എങ്ങനെ അനുസരിച്ചാലും, ഏതു വിധത്തിൽ ആരാധിച്ചാലും കുഴപ്പമില്ല എന്നു വിചാരിക്കുന്നത് സാത്താന്റെ ചിന്തയാണ്. ദൈവത്തിന് എതിരായ ചിന്ത മനുഷ്യരിൽ ജനിപ്പിക്കുന്നത് പിശാചാണ്. തിരുവെഴുത്തിൽനിന്നു വിഭിന്നമായ എന്തും ദൈവത്തിന്റെ കാഴ്ചപ്പാടിൽ തെറ്റു തന്നെയാണ്. നാം തിരഞ്ഞെടുക്കുന്നതെന്തും ദൈവം സ്വീകരിക്കണമെന്ന് ദൈവത്തോട് പറയുവാൻ നമുക്ക് യാതൊരു അവകാശവും ഇല്ല. പലപ്പോഴും നമ്മുടെ തിരഞ്ഞെടുപ്പ് ഭൗതികമായാലും ആത്മികമായാലും തെറ്റിപ്പോകുന്നു. അതിന്റെ കാരണം പരിശോധിച്ച് വിലയിരുത്തണം. പരാജയത്തിൽനിന്ന് നാം പാഠം ഉൾക്കൊള്ളണം. ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നും അതിന്റെ അന്ത്യമോ മരണ വഴികൾ തന്നെ എന്നു സദൃശവാക്യം 14:12 പറയുന്നു. മനുഷ്യന്നു തന്റെ കാലടികൾ നേരെയാക്കുവാൻ സ്വയമായി കഴിയുകയില്ല എന്നു യിരെമ്യാവ് പ്രവചിച്ചിരുന്നു (യിരെമ്യാവ് 10:23). "സ്വന്തഹൃദയത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ മൂഢൻ; ജ്ഞാനത്തോടെ നടക്കുന്നവനോ രക്ഷിക്കപ്പെടും" (സദൃശവാക്യങ്ങൾ 28:26). നമുക്ക് എങ്ങനെ നല്ല തിരഞ്ഞെടുപ്പ് നടത്താമെന്ന് ദാവീദ് പറയുന്നു, "ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു" ( സങ്കീർത്തനങ്ങൾ 37:23).

നാം പഠിപ്പിക്കുന്ന ഉപദേശവും അർപ്പിക്കുന്ന ആരാധനയും കാര്യമാക്കേണ്ടതുണ്ടോ? യേശുവിനെ സംബന്ധിച്ച് അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ക്രിസ്തു പറയുന്നു, "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ

വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം" (മത്തായി. 7:15, 16). "സഹോദരന്മാരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ" (1 യോഹന്നാൻ 4:1). നാം ഉപദേശിക്കുന്ന കാര്യങ്ങൾ വിലയുള്ളതാണ് എന്ന് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു. "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക" (2 തിമൊഥെയൊസ് 4:2). ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ് ദൈവശ്വാസിയമായി പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാട് പ്രസംഗിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം അവന്നു നൽകിയ പ്രാപ്തിക്കൊത്തവണ്ണം എന്ന പോലെയും ആയിരിക്കട്ടെ എന്നു പത്രൊസ് പ്രബോധിപ്പിച്ചിരിക്കുന്നു (1 പത്രൊസ് 4:11). തീർച്ചയായും നാം എന്തു വിശ്വസിക്കുന്നു എന്നതും എന്ത് ഉപദേശിക്കുന്നു എന്നതും പ്രാധാന്യം അർഹിക്കുന്ന കാര്യം തന്നെയാണ്. ക്രിസ്തുവിന്റെ ഉപദേശത്തിനപ്പുറം പോകുന്നവരും അത് ശരിയാണെന്ന വിധത്തിൽ അതിനെ അനുകരിക്കുന്നവരും നാശത്തിലേക്ക് പോകുമെന്ന് ദൈവം മുന്നറിയിച്ചിരിക്കുന്നു. നമ്മെ നശിപ്പിക്കുന്ന വിശ്വാസവും ഉപദേശവും തിരസ്ക്കരിക്കുവാനുള്ള ധൈര്യം എല്ലാവർക്കും ഉണ്ടാകണം. പിശാച് സമൂഹത്തെ വരുതിയിൽ നിർത്തിയിരിക്കുകയാണ്. ദൈവനാമത്തെ തെറ്റിദ്ധരിപ്പിച്ച് ആളുകളുടെ മനസ് സാത്താൻ കുരുടാക്കി വെച്ചിരിക്കുകയാണ്. സത്യത്തെ തിരിച്ചറിയുവാൻ എല്ലാവരും മുന്നോട്ട് വരണം. സത്യം മനസിലായാൽ അത് അനുസരിക്കുവാൻ പിന്നെ മടിക്കരുത്.

ശരിയായ ആരാധന എന്തെന്ന് തിരിച്ചറിയാതെ തെറ്റായ രീതിയിൽ ആരാധിച്ച് അതിൽ ദൈവം പ്രസാദിക്കും എന്നു മൗഢ്യമായി വിശ്വസിക്കുന്നവർ അനവധിയാണ്. കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് "ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). വ്യർത്ഥമായ ആരാധനയും സ്വീകാര്യമായ ആരാധനയും നാം അറിഞ്ഞിരിക്കണം. ദൈവഹിതമനുസരിച്ചുള്ള ആരാധന ദൈവം കൈക്കൊള്ളും. മാനുഷകൽപ്പന

പ്രകാരം ഉള്ള ആരാധന വ്യർത്ഥമാണ്. പഴയനിയമത്തിലും പുതിയ നിയമത്തിലും തന്നെ എങ്ങനെ ആരാധിക്കണമെന്ന് ദൈവം വെളിപ്പെടുത്തുകയും ദൈവശ്വാസിയരായ പുരുഷന്മാർ അത് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതിനു വിപരീതമായി ചെയ്തവരെ ദൈവം ശിക്ഷിക്കുകയും ചെയ്തത് നമുക്കായി രേഖപ്പെടുത്തിയിരിക്കുകയാണ്. "അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു; അതിന്മേൽ ധൂപവർഗവും ഇട്ടു; അങ്ങനെ തങ്ങളോട് കൽപിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽനിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചുകളഞ്ഞു; അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി" (ലേവ്യാപുസ്തകം 10:1, 2). മുന്നെഴുതിയിരിക്കുന്നവയെല്ലാം നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുകയാണ്. അത് വായിച്ച് അവർ ചെയ്തതുപോലെ ബുദ്ധിശൂന്യമായി നാം ചെയ്യാതിരിക്കുന്നതിനാണ്.

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്ന കാര്യം വളരെ പ്രാധാന്യമുള്ളതാണ്. കാരണം അത് നമ്മുടെ ആത്മാക്കളെ ബാധിക്കുന്ന കാര്യമാണ്. സഹോദരന്മാരായ പുരുഷന്മാരേ രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യേണം എന്ന പെന്തെക്കൊസ്തു നാളിലെ ചോദ്യത്തിന് പത്രൊസിനു മറ്റു ഉത്തരങ്ങൾ നൽകാമായിരുന്നില്ല. കാരണം ദൈവത്തിന് ഒരു രക്ഷാപദ്ധതി മാത്രമാണുള്ളത്. നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നായിരുന്നു പത്രൊസ് നൽകിയ മറുപടി (പ്രവൃത്തികൾ 2:37, 38). നിങ്ങൾക്ക് ശരിയായി തോന്നുന്നത് ചെയ്താൽ മതി എന്ന് പത്രൊസ് പറഞ്ഞില്ല.

മാനസാന്തരപ്പെടുക എന്നതു കാര്യമാക്കേണ്ടതുണ്ടോ? തീർച്ചയായും ക്രിസ്തു പറഞ്ഞത്, മാനസാന്തരപ്പെട്ടില്ല എങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നാണ് (ലൂക്കൊസ് 13:3). സ്നാനം ഏൽക്കുന്നത് അത്ര കാര്യമായ ഒന്നാണോ? തീർച്ചയായും. കർത്താവ് കൽപിച്ചിട്ടുള്ള സ്നാനം നമ്മെ രക്ഷിക്കുന്നു എന്നാണ് അപ്പൊസ്തലനായിരുന്ന പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നത് (1 പത്രൊസ് 3:21). രക്ഷയെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്ന എല്ലാ കൽപനകളും സർവ്വമനുഷ്യരും അനുസരിക്കുവാനുള്ളതാണ്. അവയിൽ ഒന്നും അവഗണിക്കാവുന്നതല്ല. സകല അധികാരവും കർത്താവിനാണ് ഉള്ളത്.

✶

# ക്രിസ്ത്യാനിയും നിയമ ധാർമ്മികതയും

ഡെന്നിസ് ലോയ്ഡ്

ഏതൊരു പട്ടണത്തിലെയും വാഹനം ഓടിക്കുന്ന റോഡുകളിലെല്ലാം വാഹനങ്ങളുടെ വേഗത, എവിടെയെല്ലാം വാഹനങ്ങൾ നിർത്തിയിടാം എവിടെ നിർത്തിയിടരുന്നത് എന്നതിനെ കുറിച്ച് മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കാണാം. വ്യക്തികളായ പൗരന്മാർ പാലിക്കേണ്ട ധാരാളം നിയമങ്ങളുള്ള രാജ്യത്തിലാണ് നാം ജീവിക്കുന്നത്. ഒരു നിർദ്ദേശവും നൽകാത്ത ഒരു ഹൈവേയിൽ കൂടെ വാഹനം ഓടിക്കുന്നതിനെ കുറിച്ച് ഒന്നു ചിന്തിച്ചു നോക്കുക. അങ്ങനെ ഓടിച്ചുപോകുമ്പോൾ നാല് റോഡുകൾ വന്നു ചേരുന്ന ഒരു കവലയിൽ എത്തിച്ചേരുന്നു. അവിടെ മുന്നറിയിപ്പുകളുടെ അടയാളം പോലും ഇല്ലെങ്കിൽ ഡ്രൈവർമാരുടെ സ്വന്തം ഇഷ്ടപ്രകാരം വാഹനം ഓടിക്കാമെങ്കിൽ, അപകടം സുനിശ്ചിതമാണെന്ന് പറയാതെ തന്നെ നമുക്ക് അറിയാം. ഇത് ഭൗതികമായി മനുഷ്യ ജീവനെ ബാധിക്കുന്ന കാര്യമാണ്. അപ്പോൾ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും മനുഷ്യന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്.

നമുക്ക് നേരിടേണ്ടി വരുന്ന അസൗകര്യങ്ങളേക്കാൾ നിയമങ്ങൾ നമ്മുടെ ഗുണത്തിനു വേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതാണ്. മനുഷ്യ ജീവന് വിലയുള്ളതായി എല്ലാവരും കണക്കാക്കുന്നു. ട്രെയിനുകളിൽ യാത്ര ചെയ്യുമ്പോൾ ഓരോ സ്ഥലത്തും നിർത്തുന്നതിന് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നതായി കാണാം. ട്രെയിനുകൾ തമ്മിൽ കൂട്ടിയിടിക്കാതിരിക്കുന്നതിനും, മറ്റു വാഹനങ്ങൾ പാളം മുറിച്ചു കടക്കാതിരിക്കുന്നതിനും ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് മനുഷ്യ ജീവന്റെ സുരക്ഷക്കാണ്. അധികാരികൾ എഴുതി വെച്ച നിയമങ്ങൾ പാലിച്ചാൽ മനുഷ്യജീവൻ അശ്രദ്ധയാൽ പൊലിയാതിരിക്കും. നാം ക്ഷമയോടെ അൽപ സമയം നിയമം അനുസരിക്കുന്നതിനായി നമ്മുടെ മനസിനെ പാകപ്പെടുത്തിയാൽ വലിയ അപകടം ഒഴിവാക്കുവാൻ കഴിയും. ദൈവം മനുഷ്യരുടെ ആത്മാക്കളുടെ സുരക്ഷിതത്വത്തിനായി നൽകിയ നിയമങ്ങളെയും മുന്നറിയി

പ്പുകളെയും നാം എങ്ങനെ കാണുന്നു എന്ന് ഓരോരുത്തരും ചിന്തിക്കുക. പഴയ നിയമത്തിലെ അധികാരങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത് നമുക്ക് തിരുവെഴുത്തിൽനിന്ന് മനസിലാക്കാവുന്നതാണ്. അക്കാലത്ത് നിയമപരമായ കാര്യങ്ങളെ അവർ ബഹുമാനിക്കുകയും പ്രമാണിക്കുകയും ചെയ്തിരുന്നതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. യോസേഫ് അധികാരത്തെ ആദരിച്ചിരുന്നതുകൊണ്ട് ദൈവം അവനെ മിസ്രയിമിലേക്ക് അയച്ച് ധാർമ്മികമായ നിയമങ്ങളെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യം അവൻ മുഖാന്തരം കാണിച്ചുകൊടുത്തു. നേതൃസ്ഥാനത്തുള്ളവർ ധാർമ്മിക മൂല്യത്തെ നിലനിർത്തി ന്യായവും നീതിയും പ്രവർത്തിക്കേണ്ടവരാണ് എന്ന് യോസേഫ് തെളിയിച്ചുകൊടുത്തു. യെഹൂദ ബാലന്മാരെ പ്രവാസികളായി കൊണ്ടുപോയ ബാബിലോൺ രാജാവിന്റെ മുൻപിൽ ധാർമ്മികത നിലനിർത്തുവാൻ ഉപയോഗിച്ചതായി നാം കാണുന്നു. ദൈവം ആളുകൾക്ക് ഓരോ കാലത്തിലും തന്റെ ആത്മികമായ പ്രവർത്തനം വെളിപ്പെടുത്തിയിരുന്നു.

ശൂശൻ രാജധാനിയിലായിരുന്ന എസ്ഥേർ തന്റെ അവകാശങ്ങളെയും പരിമിതികളെയും മനസിലാക്കി. യെഹൂദ പ്രവാസികൾക്ക് വരുവാനിരിക്കുന്ന വിപത്ത് മോർദ്ദേഖായി അവളെ അറിയിച്ചപ്പോൾ അവൾ ഉണർന്നു പ്രവർത്തിച്ചു. രാജാവിനെ അവൾ കാര്യം ബോധ്യപ്പെടുത്തി. ദൈവം എസ്ഥേരിനെ രാജ്ഞിയാക്കിയതിൽ ഒരു ഉദ്ദേശം ഉണ്ടായിരുന്നു. അത് നിറവേറ്റുവാൻ പ്രവർത്തിക്കുമ്പോൾ ദൈവം ശക്തീകരിക്കും എന്നോർക്കുക. ദൈവ ജനമായിരുന്ന യിസ്രായേലിന് അത് രക്ഷയാകുകയും ചെയ്തു.

പുതിയ നിയമത്തിൻ കീഴിലാണല്ലോ ഇന്ന് എല്ലാ മനുഷ്യരും. പുതിയ നിയമത്തിൻ കീഴിലെ ധാർമ്മികമായ അധികാരങ്ങളെ നമുക്ക് പരിഗണിക്കാം. താൻ ജീവിച്ച പ്രദേശത്തെ പ്രാദേശികമായ നിയമത്തെ അനുസരിച്ച് ജീവിച്ച മാതൃകയാണ് കർത്താവ് നമുക്ക് വിട്ടേച്ച് പോയിരിക്കുന്നത്. രണ്ട് അധികാര വ്യവസ്ഥകൾ നില നിന്നിരുന്ന കാലയളവിലായിരുന്നു അവൻ ജീവിച്ചത്. യെഹൂദ രാജാവായിരുന്ന ഹെരോദാവിനും, റോമൻ അധികാരിയായ പിലാത്തോസിനും കീഴിലായിരുന്നു മശിഹ ജീവിച്ചിരുന്നത്. യെഹൂദന്മാർ റോമാ നിയന്ത്രണത്തെ ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെയിരിക്കെ, പരീശപക്ഷത്തുള്ള ചില ഹെരോദ്യരായ ആളുകൾ യേശുവിന്റെ അടുക്കൽ വന്ന്

കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ എന്ന് അവനെ കുടുക്കുന്നതിനായി ചോദിച്ചു. അതിനു മറുപടിയായി യേശു പറഞ്ഞത് "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കട്ടെ" എന്നാണ് (മത്തായി 22:19-21). അവൻ പറഞ്ഞ മറുപടി ചോദ്യകർത്താക്കളെ വിസ്മയിപ്പിച്ചു. പലപ്പോഴും യേശു നൽകിയ മറുപടി ചോദിച്ചവർ പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല. ദൈവികജ്ഞാനത്താലായിരുന്നു യേശു ഉത്തരം നൽകിയത്. ഏതു വിഷയത്തിലും അവനു പൂർണ്ണ നിശ്ചയം ഉണ്ടായിരുന്നു. ചിലതു ഭരണകൂടത്തിനും ചിലത് ദൈവത്തിനും നൽകുവാൻ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു.

ഗവൺമെന്റിനോടുള്ള നമ്മുടെ ഉത്തരവാദിത്തം വ്യക്തമാക്കുന്ന മൂന്നു സന്ദർഭങ്ങൾ ബൈബിളിൽ നമുക്ക് വായിക്കുവാൻ കഴിയും. അതായത് നിയമപരമായ അധികാരത്തോട് നമുക്ക് ധാർമ്മികമായ കടമയുണ്ട്. റോമർ 13:1-7 ൽ ക്രിസ്ത്യാനിയും ഗവൺമെന്റും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിരിക്കുകയാണ്. മൂന്ന് അടിസ്ഥാനപരമായ തത്വങ്ങൾ പൗലൊസ് അവിടെ പഠിപ്പിക്കുന്നു. ഒന്ന്, ക്രിസ്ത്യാനികൾ അത്തരം അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കണം. "സകല മനുഷ്യരും ശ്രേഷ്ഠാധികാരികൾക്ക് കീഴ്പ്പെട്ടിരിക്കട്ടെ" (റോമർ 13:1). രണ്ടാമതായി അവൻ പറയുന്നത് അത്തരം അധികാരം അവർക്ക് ലഭിച്ചിരിക്കുന്നത് ദൈവത്തിൽനിന്നത്രെ എന്നാണ്. ദൈവത്തിൽനിന്നല്ലാതെ ഒരധികാരവും ആർക്കും ഇല്ല. നിലവിൽ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരെ ദൈവം നിയോഗിച്ചതാണ്. അധികാരത്തോട് മൽസരിക്കുന്നവൻ ദൈവ വ്യവസ്ഥയോടാണ് മൽസരിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവൻ ദൈവത്തോടാണ് മൽസരിക്കുന്നത് എന്നതാണ് വാസ്തവം.

വ്യക്തികൾക്ക് ദൈവം നൽകിയിരിക്കുന്ന അധികാരത്തെ അവർക്ക് ദുർവിനിയോഗം ചെയ്യുവാൻ കഴിയും. ജീവന്റെ വചനം അറിയിച്ച അപ്പൊസ്തലന്മാരെ മഹാപുരോഹിതൻ പിടിച്ച് പൊതു തടവിലാക്കി. എന്നാൽ കർത്താവിന്റെ ദൂതൻ അവരെ കാരാഗൃഹത്തിൽനിന്നു പുറത്തുകൊണ്ടുവന്നു. ക്രിസ്തുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നായിരുന്നു അവരോട് പറഞ്ഞത്. എന്നാൽ പത്രൊസും ശേഷം അപ്പൊസ്തലന്മാരും പറഞ്ഞ മറു

പടി "ദൈവത്തേക്കാൾ മനുഷ്യരെ അനുസരിക്കുന്നത് ഉചിതമോ എന്നു നിങ്ങൾ തന്നെ വിധിപ്പിൻ" എന്നായിരുന്നു. മനുഷ്യരേക്കാൾ നാം ദൈവത്തെ അനുസരിക്കേണ്ടതാകുന്നു എന്നർത്ഥം. ദൈവവും ഉദ്യോഗസ്ഥാനത്തിരിക്കുന്ന വ്യക്തിയും തമ്മിലുള്ള ബന്ധം എപ്രകാരം ആയിരിക്കണം എന്നു വിചാരണക്കായി കൊണ്ടുവന്ന യേശു നാടുവാഴിയായിരുന്ന പിലാത്തോസിനോട് അറിയിക്കയുണ്ടായി. "മേലിൽനിന്നു നിനക്ക് കിട്ടിയിട്ടില്ല എങ്കിൽ എന്റെമേൽ ഒരധികാരവും നിനക്ക് ഉണ്ടാകയില്ലായിരുന്നു. അതുകൊണ്ട് എന്നെ നിന്റെ കയ്യിൽ ഏൽപിച്ചവന്ന് അധികം പാപം ഉണ്ട് എന്നു പറഞ്ഞു" (യോഹന്നാൻ 19:11).

സമൂഹത്തിൽ ഒരു പ്രളയമോ അല്ലെങ്കിൽ ഭൂമികുലുക്കമോ പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഒരു വ്യക്തിക്ക് തനിയെ ചെയ്യുവാൻ കഴിയുന്നതിലപ്പുറമായി സന്നദ്ധസംഘടനങ്ങൾ രംഗത്തിറങ്ങി സത്വര നടപടികളായ രക്ഷാപ്രവർത്തനങ്ങൾ നടത്തും. ദൈവം അവരെ അതിനായി ആക്കി വെച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പക്ഷെ അവർ അത്തരം സൽപ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷം അനുസരിക്കുന്നതിന് പകരം ആകുകയില്ല. തിത്തൊസിന്ന് ലേഖനം എഴുതുമ്പോൾ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിപ്പാനും ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകലമനുഷ്യരോടും പൂർണ്ണസൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക" (തിത്തൊസ് 3:1). വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സഭാ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ക്രിസ്ത്യാനികൾ സൽപ്രവൃത്തിക്കായി എപ്പോഴും ഒരുങ്ങിയിരിക്കണം എന്നതിന് പൗലൊസ് ഊന്നൽ കൊടുത്തിരിക്കുന്നു.

ഒരു രാജ്യത്തിന്റെ പരമോന്നതമായ അധികാരത്തിലിരിക്കുന്ന രാജാവായാലും ഏറ്റവും താഴെ കിടയിലുള്ള സ്ഥാനത്തിരിക്കുന്ന വ്യക്തിയായാലും അയാൾ ഏത് അധികാരത്തിലാണെങ്കിലും മറ്റുള്ളവർ ആ വ്യക്തിയുടെ അധികാരസ്ഥാനത്തെ മാനിക്കണം. ഭരണാധികാരി പ്രജകളെ കുറിച്ച് ബോധവാനായിരിക്കണം. സേവന

മനോഭാവത്തോടെ വേണം അതിനെ കാണുവാൻ എന്നർത്ഥം. പത്രൊസ് തന്റെ ലേഖനത്തിൽ കർത്താവിൽ ആയി തീർന്നവരോട് പറയുന്നത് ശ്രദ്ധിക്കുക. "സകല മാനുഷനിയമങ്ങൾക്കും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ; ശ്രേഷ്ഠാധികാരി എന്നുവെച്ച് രാജാവിന്നും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ച് നാടുവാഴികൾക്കും കീഴടങ്ങുവാൻ" (1 പത്രൊസ് 2:13, 14). ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാൻ അവൻ ഓരോരുത്തരെ ഓരോ സ്ഥാനത്ത് ആക്കി വെക്കുന്നു. അവർ ആ ഉദ്ദേശം നിറവേറ്റിയില്ലെങ്കിൽ അങ്ങനെയുള്ളവരെ ആ സ്ഥാനങ്ങളിൽനിന്ന് ദൈവം മാറ്റുകയും ചെയ്യും. നിങ്ങൾ നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളത് ദൈവേഷ്ടം ആകുന്നു.

നാം എല്ലാ മനഷ്യരേയും ബഹുമാനിക്കയും സഹോദരവർഗത്തെ സ്നേഹിക്കയും വേണം. രാജാവിനെ ബഹുമാനിക്കയും ദൈവത്തെ ഭയപ്പെടുകയും വേണം. ദൈവമക്കൾ എന്ന നിലയിൽ നമുക്ക് എല്ലാ മനുഷ്യരോടും ബന്ധം ഉണ്ടായിരിക്കണം. സ്നേഹിക്കുക, ബഹുമാനിക്കുക, ഭയപ്പെടുക എന്നീ വാക്കുകൾ ലോകത്തിൽ ജീവിക്കുന്ന ഓരോരുത്തരേയും ബാധിക്കുന്നവയാണ്. അധികാരസ്ഥാനങ്ങളിൽ ആയിരിക്കുന്നവരും അല്ലാത്തവരും തങ്ങളെ കുറിച്ച് ദൈവം എന്താണ് ഉദ്ദേശിക്കുന്നത് എന്നു മനസിലാക്കണം. ഒരർത്ഥത്തിൽ പറഞ്ഞാൽ നാം എല്ലാവരും ദൈവിക ശുശ്രൂഷയാണ് നടത്തുന്നത്. "നിന്റെ നന്മക്കായല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ട് ശിക്ഷയെ വിചാരിച്ചു മാത്രമല്ല, മനസാക്ഷിയേയും വിചാരിച്ചു കീഴടങ്ങിയിരിക്കുക. എല്ലാവർക്കും കടമായിരിക്കുന്നത് കൊടുപ്പിൻ; നികുതി കൊടുക്കുന്നവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം." ദൈവഭയം ഉള്ള ഒരാൾ നിയമങ്ങളെയും അധികാരത്തെയും മാനിക്കും.

✶

# പാപം ഇല്ലാത്ത യേശു

ജെറാൾഡ് പാഡൻ

മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ ഒരു പാപവുമില്ലതെ, വായിൽ വഞ്ചന ഒന്നുമില്ലാതെയാണ് ജീവിച്ചത്. പാപരഹിതമായി ജീവിച്ച് ദൈവത്തെ വെളിപ്പെടുത്തിയവനാണ് ക്രിസ്തു. അവൻ മുഖാന്തരമുള്ള രക്ഷ ദൈവം രൂപപ്പെടുത്തുകയും ചെയ്തിരിക്കുന്നതായി തിരുവെഴുത്ത് വെളിപ്പെടുത്തുന്നു. അവനിൽ വാസ്തവത്തിൽ കുറ്റം കണ്ടെത്തുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല (യോഹന്നാൻ 8:46). ക്രിസ്തുവിന്റെ രക്തം നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ രക്തത്താലാണ് പാപികളെ വീണ്ടെടുത്തത് എന്ന് പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നു (1 പത്രൊസ് 1:19). അവൻ തന്റെ ജീവനും രക്തവും പാപയാഗമായിട്ടായിരുന്നു അർപ്പിക്കപ്പെട്ടത്. അത് ദൈവസന്നിധിയിൽ പ്രസാദകരമായി. അവനിൽ പാപം ഒന്നുമില്ലായ്കയാലായിരുന്നു ക്രിസ്തുവിന് ഒരു തികഞ്ഞ പ്രായശ്ചിത്ത ബലിയർപ്പിക്കുവാൻ കഴിഞ്ഞത്.

അവന്റെ ദൈവികത്വം നിമിത്തമാണ് അവന് പാപം കൂടാതെ ജീവിക്കുവാൻ കഴിഞ്ഞത് എന്നാണ് ചില ആളുകൾ അതിനെ ചിത്രീകരിക്കുന്നത്. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്ക് ഉള്ളത് (എബ്രായർ 4:15). സകല പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ ദൈവം നമുക്ക് പോക്കുവഴി ഒരുക്കും എന്ന് വചനം സാക്ഷീകരിച്ച് ഉറപ്പാക്കിയിരിക്കുന്നു (1 കൊരിന്ത്യർ 10:13). പരീക്ഷണങ്ങളിൽനിന്നും ഒഴിഞ്ഞുമാറുവാൻ ദൈവം വെച്ചിരിക്കുന്ന മാർഗമായിരുന്നു യേശു ഉപയോഗിച്ചത്. തിരുവെഴുത്തുകളായിരുന്നു അവൻ ഉപയോഗിച്ചത്. ആരംഭം മുതൽ സാത്താൻ അവനെ പരീക്ഷിക്കുവാൻ അവസരം നോക്കി (ലൂക്കൊസ് 4:13). അവസാനത്തോളം സകലത്തിലും പരീക്ഷിക്കപ്പെട്ട കർത്താവ് വിജയകരമായി അവയെ അതിജീവിച്ചു. തന്റെ നിരപരാധിത്വത്തിനും നിഷ്ക്കളങ്കതക്കും അവന് വലിയ വില കൊടുക്കേണ്ടി വന്നു.

താൻ തന്നെ പരീക്ഷിക്കപ്പെട്ട് കഷ്ടം അനുഭവിച്ചിരിക്കയാൽ

പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു (എബ്രായർ 2:18). വേറെ ചിലർ വിചാരിക്കുന്നത് യേശു നമുക്ക് നേരിടുന്ന പരീക്ഷണങ്ങളെയല്ല നേരിട്ടത് എന്നാണ്. അസാധാരമായ പരീക്ഷണങ്ങളെ അവൻ നേരിട്ടത് താൻ മശിഹ ആയിരുന്നതിനാലാണ് എന്നത്രെ അവരുടെ വാദം. എന്നാൽ അതുപോലെയുള്ള പരീക്ഷണങ്ങളാണ് ഇന്നും ആളുകൾ നേരിടുന്നത്. "നീ ദൈവപുത്രൻ എങ്കിൽ" എന്ന ചോദ്യം ഒരുപക്ഷെ നാം അഭിമുഖീകരിക്കുകയില്ലായിരിക്കാം. എങ്കിൽ പോലും നാം പരീക്ഷിക്കപ്പെടാതിരിക്കുകയില്ല. കാരണം ദൈവത്തിനെതിരായും ആത്മാക്കൾക്കെതിരായും പ്രവർത്തിക്കുവാൻ പിശാച് മനുഷ്യരെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ യേശു അവസാനത്തോളം പാപത്തോട് പോരാടിയാണ് ലോകത്തെയും പാപത്തെയും ജയിച്ചത്.

പാപത്തോട് പോരാടുന്നതിൽ നിങ്ങൾ ഇതുവരെയും പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല (എബ്രായർ 12:4). സർവ്വപരീക്ഷണങ്ങളും യേശുവിൽ സാത്താൻ തികെച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കൊസ് 4:13). യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണം യിസ്രായേൽ മരുഭൂമിയിൽ വെച്ചു സാത്താനാൽ പരീക്ഷിക്കപ്പെട്ടത് നമ്മെ ഓർമ്മിപ്പിക്കുകയാണ്. ദൈവജനം പരീക്ഷിക്കപ്പെട്ടപ്പോൾ അവർ പാപത്തിനിരയായി. ശക്തി സൂചിപ്പിച്ചായിരുന്നു പിശാചിന്റെ പരീക്ഷണങ്ങളെല്ലാം. ശക്തി ഉപയോഗിച്ച് പരീക്ഷണങ്ങളെ നേരിടുവാനായിരുന്നു സാത്താൻ പറഞ്ഞത്. പക്ഷെ യേശു അവയ്ക്ക് തിരുവെഴുത്തിനപ്പുറമായി ഒരു ശക്തിയും ഉപയോഗിച്ചില്ല. യിസ്രായേൽമക്കൾ ആവർത്തനപുസ്തകത്തിൽ ദൈവം അരുളിച്ചെയ്തതു മനസിലാക്കാതെ പോയതിനാലാണ് അവർ പരാജയപ്പെട്ടത്. ദൈവവചനത്തിൽ ദൈവം മുന്നറിയിച്ചിട്ടുള്ള വാഗ്ദാനങ്ങളിൽ ഉറപ്പുള്ളവർ പാപത്തിനിരയായി തീരുകയില്ല.

സാത്താൻ ദൈവത്തിന്റെ ശക്തിയെ ദുരുപയോഗിക്കുവാൻ ആളുകളെ പ്രോൽസാഹിപ്പിക്കും. കാരണം അവന് ദൈവത്തിന്റെ ശക്തിയുടെ അളവറ്റ വലുപ്പം നന്നായി അറിയാം. ദൈവശക്തിയാണ് ലോകത്തെയും മനുഷ്യരെയും നിലനിർത്തിയിരിക്കുന്നത്. നാൽപതു രാവും നാൽപതു പകലും ഉപവസിച്ചപ്പോൾ യേശുവിന്നു വിശപ്പുണ്ടായപ്പോഴായിരുന്നു സാത്താനാൽ അവൻ പരീക്ഷിക്കപ്പെ

ട്ടത് (മത്തായി. 4:3). യേശുവിന്റെ വ്യക്തിത്വം മുഴുവനായി ഉപേക്ഷിക്കുവാനായിരുന്നു സാത്താൻ ശ്രമിച്ചത്. ദൈവത്തോടുകൂടിയുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യ വേഷത്തിൽ വിളങ്ങിയ യേശു പരീക്ഷിക്കപ്പെട്ടപ്പോൾ സാത്താനോട് പറഞ്ഞു, "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനങ്ങൾകൊണ്ടും ജീവിക്കുന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ" (മത്തായി 4:4). ആവർത്തനപുസ്തകം 8:3 ഉദ്ധരിച്ചാണ് അവൻ അങ്ങനെ പറഞ്ഞത്. ഭൗതികമായ ആഹാരം താൽക്കാലിക ജീവന് ആവശ്യമാണ്. ആ കാര്യത്തിലായിരുന്നു മരുഭൂമിയിൽ വെച്ച് യിസ്രായേൽ പരാജയപ്പെട്ടത്. സാത്താന്റെ ആദ്യ ശക്തി പരീക്ഷണം പരാജയപ്പെട്ടു.

ദൈവശക്തിയെ ദുരുപയോഗം ചെയ്യുവാനായിരുന്നു സാത്താന്റെ അടുത്ത പരീക്ഷണം. നീ ദൈവപുത്രൻ എങ്കിൽ ഇവിടെനിന്നു ചാടുവാനാണ് യേശുവിനോട് സാത്താൻ ആവശ്യപ്പെട്ടത്. നിന്റെ കാല് കല്ലിൽ തട്ടാതെ നിന്നെ കാത്തുകൊള്ളും എന്നും അവൻ കൂട്ടിച്ചേർത്തു. സാത്താൻ അവിടെ ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 91:11, 12 ആയിരുന്നു. പാപത്തിനെതിരായുള്ള യേശുവിന്റെ പോരാട്ടത്തിൽ അവനെ സഹായിക്കുവാൻ ആയിരക്കണക്കിനും പതിനായിരക്കണക്കിനും ദൈവദൂതന്മാർ ഉണ്ടായിരിക്കും എന്നാണ് ആ സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ യേശു അതിനും മറുപടി നൽകിയത് തിരുവചനം തന്നെയായിരുന്നു. "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും എഴുതിയിരിക്കുന്നു" (ആവർത്തനപുസ്തകം 6:16). അങ്ങനെ സാത്താന്റെ രണ്ടാമത്തെ ശക്തി പരീക്ഷണവും പരാജയപ്പെട്ടു. ദൈവത്തിന്റെ കരുണയെയും ദയവിനെയും പരീക്ഷിക്കുന്നതാണ് സകല പാപവും.

പിന്നീട് യേശുവിനെ സാത്താൻ ഒരു വലിയ മലയുടെ മുകളിൽ കൊണ്ടുപോയി ലോകത്തിലെ സർവ്വ സാമ്രാജ്യങ്ങളും കാണിച്ചു കൊടുത്തിട്ട് പറഞ്ഞത്, നീ എന്നെ വീണു നമസ്ക്കരിച്ചാൽ ഇതൊക്കെയും ഞാൻ നിനക്ക് തരാം എന്നായിരുന്നു (മത്തായി 4:8). സാത്താന്റെ ശക്തിയിൽ ആശ്രയിക്കുവാനായിരുന്നു യേശുവിനോട് അവൻ മൂന്നാമതായി ആവശ്യപ്പെട്ടത്. ചുരുങ്ങിയത് യേശുവിന്

അങ്ങനെ കാൽവരിയിലെ ദാരുണ മരണം ഒഴിവാക്കാൻ കഴിയും എന്ന അർത്ഥത്തിലായിരിക്കാം അവനെ പരീക്ഷിച്ചത്. അത്തരം ചിന്ത ദൈവത്തിനെതിരായ അത്യാഗ്രഹമാണ് എന്ന് യേശു സാത്താനെ ബോധ്യമാക്കി. വീണ്ടും അവൻ പഴയനിയമ വേദഭാഗ മാണ് ഉദ്ധരിച്ചത്. "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവു എന്ന് എഴുതിയിരിക്കുന്നു" സാത്താനെ എന്നെ വിട്ടു പോക എന്നും ആജ്ഞാപിച്ചു (മത്തായി 4:10). ഈ പരീക്ഷണങ്ങളിലും മറ്റു പരീക്ഷണങ്ങളിലും മനുഷ്യപു ത്രൻ തന്നിൽ നിക്ഷിപ്തമായ അധികാരമോ ശക്തിയോ ആവശ്യമി ല്ലാതെ ഉപയോഗിക്കുകയോ പിതാവിന്റെ ശക്തി ദുരുപയോഗം ചെയ്യുകയോ ഉണ്ടായില്ല.

യേശു വിജയിക്കുവാനുള്ള കാരണം എന്തായിരുന്നു എന്നു നമുക്ക് പരിശോധിക്കാം. അവന്റെ ഉദ്ദേശം പിതാവിന്റെ ഹിതം നിറ വേറ്റുക എന്നതായിരുന്നു. ആ ലക്ഷ്യത്തിൽനിന്ന് അവനെ വ്യതിച ലിപ്പിക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ല എന്ന് അവൻ തെളി യിച്ചു. നമ്മുടെ രക്ഷ അവന്റെ വിശുദ്ധിയിൽ ആണെന്ന് അവനു പൂർണ്ണബോധ്യമുണ്ടായിരുന്നു. പാപമില്ലാത്ത അഥവാ കുറ്റമില്ലാത്ത യാഗമാണ് ദൈവം ആഗ്രഹിച്ചത് എന്ന് അവന് അറിയാമായിരുന്നു പ്രായശ്ചിത്ത ബലി ദൈവം സ്വീകരിക്കുന്നതിനുള്ള നിബന്ധന നിറ വേറ്റിയാൽ മാത്രമെ ലോകത്തിന്റെ പാപം ഒഴിവാക്കുവാൻ കഴിയു മായിരുന്നുള്ളു. ദൈവപദ്ധതി നിറവേറ്റുക എന്ന ലക്ഷ്യവുമായി വന്ന യേശുവിന് മറ്റു ചിന്തകളില്ലായിരുന്നു. നൈമിഷികമായ യാതൊന്നും നിത്യമായ തന്റെ ഫലത്തിൽനിന്ന് അവനെ മാറ്റുവാൻ അവൻ അനുവദിച്ചില്ല. പിതാവിനോടുള്ള അവന്റെ സ്നേഹ ബന്ധം പൂർണ്ണമായ അനുസരണത്താൽ മാത്രമെ നിലനിൽക്കയുള്ളു എന്ന് അവന് അറിയാമായിരുന്നു. തന്റെ ഉറക്കത്തിൽ പോലും തന്റെ മന സാക്ഷി മലിനപ്പെടുവാൻ അവൻ സമ്മതിച്ചില്ല. എന്റെ ആഹാരം എന്നെ അയച്ചവന്റെ പ്രവൃത്തി തികക്കുക എന്നതാണ് എന്ന് അവൻ വ്യക്തമാക്കിയിരുന്നു. അവൻ അത് തികക്കുകയും ചെയ്തു. അങ്ങനെ നമുക്ക് പ്രയോജനമുള്ള ഒരു മാതൃക തന്നിട്ടാണ് പോയ ത്.

✶

# എന്റെ ദൈവമേ എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്?

ഡേവിഡ് തർമാൻ

ഊഹിക്കുവാൻ പോലും പ്രയാസമേറിയ രംഗമായിരുന്നു അത്. ഒരു വിശുദ്ധനായ, തികഞ്ഞ നല്ല മനുഷ്യനെയാണ് ആളുകൾ മരണത്തിലേക്ക് തള്ളി വിട്ടത്. മറ്റൊരു മനുഷ്യനെ ക്രൂശ് ചുമപ്പാൻ നിർബന്ധിച്ചു. നടത്തിക്കൊണ്ടുപോയി അവസാനം രണ്ടു കള്ളന്മാർക്ക് നടുവിൽ യേശുവിനെ ക്രൂശിൽ തറച്ചു. ജനക്കൂട്ടത്തിന്റെ പ്രതികരണം പല വിധത്തിലായിരുന്നു. ചിലർ അവനെ പരിഹസിച്ചു. ചിലർ അവനെ ഓർത്ത് കരഞ്ഞു. അതിനിടയിലും ഭയങ്കര രംഗങ്ങൾ അരങ്ങേറി. ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്ത് ഒക്കെയും ഇരുട്ടുണ്ടായി. ഒമ്പതാം മണി നേരത്ത് യേശു, "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത് എന്നർത്ഥം വരുന്ന ഏലി ഏലി ലമ്മാ ശബ്ബക്താനി എന്ന് ഉറക്കെ നിലവിളിച്ചു (മത്തായി 27:45-48).

തന്റെ ഈ ലോകജീവിതം അവസാനിക്കാറായി എന്നും മരണം ആസന്നമായി എന്നും അയേശു അറിഞ്ഞിരുന്നു. ദേശത്ത് ഇരുട്ട് ഉണ്ടായപ്പോൾ തന്റെ പിതാവ് തന്നെ കൈവിട്ടു എന്നും അവൻ അറിഞ്ഞിരുന്നു. നിരുൽസാഹവും വേദനയും നിമിത്തം ആയിരിക്കാം അവൻ നിലവിളിച്ചത്. ദൈവത്തിന്റെ നിശബ്ദതയും അവന്റെ ഏകാന്തതയും ആയിരിക്കാം അവനെ അലട്ടിയത്. അന്ന് യേശു ചോദിച്ചതുപോലെ ഇന്നും അനവധിപേർ ഈ രീതിയിൽ ഒന്നുകിൽ ദൈവത്തോടുള്ള അവരുടെ പരിഭവത്തിൽ അല്ലെങ്കിൽ പ്രിയപ്പെട്ടവരോടുള്ള സംഭാഷണത്തിൽ ഈ ചോദ്യം ഉന്നയിച്ചുവരുന്നു.

ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദെൻ തോട്ടത്തിൽ ആക്കിയ സമയത്ത് ആദാമിനും ഹവ്വക്കും വേദനയോ മറ്റു കുഴപ്പങ്ങളോ ഉണ്ടായിരുന്നില്ല. യാതൊരു പരിധിയുമില്ലാതെ അവർക്ക് ദൈവത്തോട് അടുത്തു ചെല്ലുവാനും കഴിഞ്ഞിരുന്നു. മറ്റു ജീവികളിൽനിന്നു വ്യത്യസ്തമായി മനുഷ്യർക്ക് വിശേഷത നൽകിയിരുന്നു. ദൈവത്തെ സേവിക്കുന്നതോ സേവിക്കാതിരിക്കുന്നതോ ഏതു വേണമെങ്കിലും അവർക്ക് തിരഞ്ഞെടുക്കാമായിരുന്നു. അതായത്

അവർക്ക് തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം ഉണ്ടായിരുന്നു എന്നർത്ഥം. ദൈവം അവരെ ഏദെൻ തോട്ടത്തിലാക്കിയിട്ട് അവരോട് പറഞ്ഞു, "തോട്ടത്തിലെ സകല വൃക്ഷങ്ങളുടേയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉൽപത്തി 2:16, 17). മറ്റൊന്നിനും നൽകാത്ത ഒരു പ്രത്യേകത ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനു നൽകിയിരിക്കുന്നു. ദൈവം മനുഷ്യരെ അനുഗ്രഹിക്കുവാനാണ് ആഗ്രഹിക്കുന്നത്. എല്ലാ കാലത്തും മനഷ്യനു വേണമെങ്കിൽ ദൈവത്തെ അനുസരിക്കാം അല്ലെങ്കിൽ അനുസരിക്കാതിരിക്കാം. ഇത് മനുഷ്യർക്ക് ദൈവം നൽകിയിരിക്കുന്ന ഒരു അവകാശമാണ്. നമ്മിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത് സ്നേഹവും അനുസരണവുമാണ്. നാം അവനെ സ്നേഹിക്കുകയാണെങ്കിൽ അനുസരിക്കും.

നാം അധികവും തിരഞ്ഞെടുക്കുന്നത് തിന്മയാണ്. സർപ്പം ഹവ്വയുടെ അടുത്ത് വന്ന് സ്ത്രീയോട്, "നിങ്ങൾ മരിക്കയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെ പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിന്നും കൊടുത്തു, അവനും തിന്നു" (ഉൽപത്തി 3:4-6). ദൈവത്തെ അനുസരിക്കാതിരിക്കുന്നതാണ് നല്ലത് എന്ന് സാത്താൻ അവളെ ബോധ്യമാക്കി. ദൈവത്തെ പോലെ ആകും എന്ന വാഗ്ദാനത്തിൽ അവൾ മയങ്ങി പോയി. അങ്ങനെ പാമ്പിന്റെ ഉപായത്തിൽ അവൾ കുടുങ്ങി ഫലം പറിച്ചു തിന്നു, ആദാമിനും നൽകി, അവനും തിന്നു. പാപം ലോകത്തിലേക്ക് വന്നു. ആദ്യമനുഷ്യർ അപ്രകാരം അനുസരണക്കേടിന്റെ ഫലം അനുഭവിച്ചു, അവർ ദൈവത്തിൽനിന്നും അകന്നുപോയി. അവരെ ദൈവം തോട്ടത്തിൽനിന്നു പുറത്താക്കി.

എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി എന്നു പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 3:23). അതുപോലെയുള്ള തിരഞ്ഞെടുപ്പുകളാണ് നമ്മുടെ ജീവിതത്തിൽ നാമും തിരഞ്ഞെടുക്കുന്നത്. ആദാം അനുഭവിച്ച അതേ അനന്തരഫലമാണ് നാമും ഇന്നു അനുഭവിക്കുന്നത്. പാപത്തിന്റെ ശമ്പളം മരണം അത്രേ.

അതിന് ഇന്നും മാറ്റമില്ല. ദൈവസ്വഭാവത്തിന് ഒരിക്കലും മാറ്റമില്ല. ആദിമുതൽ അവനിൽനിന്ന് നാം കേട്ട സന്ദേശം ഇതു തന്നെയാണ്. പാപത്തിൽ ജീവിക്കുന്ന മനുഷ്യന് ദൈവസന്നിധിയിൽ സ്ഥാനം ഇല്ല. നമുക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തെ പലപ്പോഴും നാം ദുരുപയോഗം ചെയ്യുകയല്ലേ ചെയ്യുന്നത്? വെളിച്ചത്തിനു പകരം നാം ഇരുട്ട് തിരഞ്ഞെടുക്കുന്നു. സത്യത്തിനു പകരം നാം അസത്യത്തെ തിരഞ്ഞെടുക്കുന്നു. സത്യത്തേക്കാൾ കൂടുതൽ ആളുകൾ വിശ്വസിക്കുന്നത് ഭോഷ്ക്കാണ് എന്നത് വാസ്തവമാണ്. ദൈവം വിശുദ്ധനാണ്, അവന്റെ സന്നിധിയിൽ പാപത്തിന് സ്ഥാനം ഇല്ല. നിയമലംഘനത്തിന് ശിക്ഷ അനിവാര്യമാണ്. ഇല്ലെങ്കിൽ നീതിക്ക് പ്രസക്തിയുണ്ടാകുകയില്ല.

ദൈവം ആരാണെന്നും ദൈവവും നാമും തമ്മിലുള്ള ബന്ധം എന്താണെന്നും എല്ലാവരും തിരിച്ചറിയണം. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം ആകുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്ന് ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല; അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു (1 യോഹന്നാൻ 4:8-10). ഈ ലോകത്തിലേക്ക് വന്ന യേശുവിനെ നോക്കി യോഹന്നാൻ പറഞ്ഞത്, "ഇതാ ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് (യോഹന്നാൻ 1:29). യേശു മാത്രമാണ് മനുഷ്യരുടെ നാശം ഒഴിവാക്കുവാൻ പ്രവർത്തിച്ചത്. അവൻ സ്വയമായി മരിക്കുവാൻ ഏൽപിച്ചുകൊടുക്കുകയായിരുന്നു.

താൻ എന്തു ചെയ്യണമെന്ന് യേശുവിന് അറിയാമായിരുന്നു. അതിന് അവൻ തന്നെത്തന്നെ കീഴ്പ്പെടുത്തി. മരിക്കുന്നതിനു മുൻപുള്ള യേശുവിന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ. എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ" (മത്തായി 26:39). ആ രാത്രിയിൽ മൂന്നു പ്രാവശ്യം അവൻ പ്രാർത്ഥിച്ചപ്പോഴും പിതാവിനോട് കഴിച്ച യാചന ഇതായിരുന്നു. എന്നാൽ അവൻ ദൈവേ

ഷ്ടത്തിന് തന്നെത്തന്നെ കീഴ്പ്പെടുത്തി. നാം അവനിൽ ദൈവ ത്തിന്റെ നീതി ആകേണ്ടതിന്നു അവൻ നമുക്ക് വേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:21). യേശു തന്റെ ജീവിതത്തിൽ അവസാനത്തോളം പൂർണ്ണ അനുസരണമുള്ളവനായിരുന്നു. പാപത്തിൽ വീണു ദൈവ ത്തിൽനിന്നും അകന്നു പോയ മനുഷ്യന് ശക്തി ലഭിക്കുക എന്നത് അസാധാരണമായി തോന്നിയേക്കാം. "നിങ്ങളിൽ ഒരാൾക്ക് നൂറ് ആടുണ്ട് എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ചു ആ കാണാതെ പോയതിനെ കണ്ടെത്തുംവരെ നോക്കി നടക്കാതിരിക്കുമോ? കണ്ടു കിട്ടിയാൽ സന്തോഷിച്ച് ചുമലിൽ എടുത്ത് വീട്ടിൽ വന്നു സ്നേഹി തന്മാരേയും അയൽക്കാരേയും വിളിച്ചുകൂട്ടി കാണാതെ പോയ എന്റെ ആടിനെ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോ ഷിപ്പിൻ എന്നു പറയും" (ലൂക്കൊസ് 15:4-7).

ദൈവം ഇതെല്ലാം ചെയ്തിട്ടു വീണ്ടും നിങ്ങൾ പാപം തിര ഞ്ഞെടുത്ത് പാപത്തിൽ ജീവിക്കാമോ? ഒരിക്കലും പാടില്ല. അവൻ തന്റെ മഹത്തായ സ്നേഹത്താൽ നമുക്ക് വീണ്ടും ഒരവസരം കൂടെ നൽകിയിരിക്കുകയാണ്. ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിവരു വാൻ ഈ ഭൂമിയിലായിരിക്കുമ്പോൾ നമുക്ക് അവസരം ഉണ്ട്. അത് ആരും നഷ്ടപ്പെടുത്തരുത് എന്ന ഉദ്ദേശത്തോടെയാണ് ഭൂലോക ത്തിൽ ഒക്കെയും സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങ ളുടെ പാപങ്ങൾ നീക്കം ചെയ്യുവാൻ യേശുവിനെ അനുവദിക്ക ണം. അവനിലും അവന്റെ ഉപദേശത്തിലും വിശ്വാസം പ്രകടിപ്പി ക്കുകയാണ് ആദ്യം ചെയ്യേണ്ടത്. തുടർന്ന് നിയമലംഘനം ഒഴിവാ ക്കുവാൻ തീരുമാനം എടുക്കണം. മാനസാന്തരപ്പെട്ടില്ലെങ്കിൽ ഫലം നാശം ആയിരിക്കും (ലൂക്കൊസ് 13:3). യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുകയും വേണം. പിന്നീട് പാപമോചനത്തിനായുള്ള സ്നാനം ഏൽക്കണം. അത് മറ്റൊരു വിധത്തിൽ അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു, "സ്നാനത്തിൽ നിങ്ങൾ ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളി യാകുന്നു" അങ്ങനെ ഒരു പുതിയ സൃഷ്ടിയായി ജീവന്റെ പുതു ക്കത്തിൽ നടക്കുവാൻ കർത്താവ് നിങ്ങളെ സഹായിക്കും.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!